**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1718** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചിറയം ഗോപകുമാർ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി ഗീതാ ഗോപി,<br>ശ്രീ. എൽദോ എബ്രഹാം | | Dr.K.T.Jaleel<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | സർക്കാർ, എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | സർക്കാർ കോളേജുകളുടെയും സർവകലാശാലകളുടെയും അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക ഉന്നമനത്തിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ൽ ചേർത്തിരിക്കുന്നു. |
| (ഡി) | സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും സർവകലാശാലകളിലും നിയമനങ്ങൾ നടത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഡി) | ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിലെ സർക്കാർ കോളേജുകളുടെയും, സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും, അക്കാദമിക ഉന്നമനത്തിനുമായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### കോളേജ് വിദ്യാഭ്യാസ വകുപ്പ്

കേരളത്തിലെ സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വിപുലീകരണത്തിനായി വിവിധ ശീർഷകങ്ങളിലായി ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള തുക ബജറ്റിൽ വകയിരുത്തി നൽകിയിട്ടുണ്ട് .

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|
| 1 | 2016-17 | 38 കോടി |
| 2 | 2017-18 | 42.5 കോടി |
| 3 | 2018-19 | 44.6 കോടി |
| 4 | 2019-20 | 75 കോടി |
| 5 | 2020-21 | 77 കോടി |

കൂടാതെ Asset Maintenance Fund ൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷം G.O(Rt) 2203/2016/H.EDN Dated 19.08.2016 പ്രകാരം 2 കോടി രൂപയും 2018-19 സാമ്പത്തികവർഷം G.O(Rt) 374/2019/H.Edn Dated 07.03.2019 പ്രകാരം 16.81 കോടി രൂപയും 2020-21 സാമ്പത്തികവർഷം G.O(Rt) 1400/2020/H.Edn Dated 06.11.2020 പ്രകാരം 11.73 കോടി രൂപയും വിവിധ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും അറ്റകുറ്റപണി നടത്തുന്നതിനായി അനുവദിച്ചിട്ടുണ്ട് .

സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് 16/06/2018 ലെ സർക്കാർ ഉത്തരവ് നമ്പർ G.O(Ms) No. 1131/2017/H.Edn പ്രകാരം 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപവീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട് .

### കണ്ണൂർ സർവ്വകലാശാല :

1. Construction of Students Amenity Centre.
2. Vertical Extension of Students Amenity Centre
3. Construction of Synthetic Track.
4. Construction of 100 bedded Ladies Hostel at Dharmasala
5. Construction of Academic Block for Biotechnology
6. Construction of Ramps in various Campuses
7. Construction of HT substation, Payyannur Campus
8. Construction of seminar complex at Thavakkara Campus
9. University scientific instrumentation centre Payyanur Campus.
10. Renovation of Laboratories in various campuses
11. Providing elevators at various campus

12. Toilets for students with special need in all academic and hostel building in various campuses
13. Renovation of toilets in various campuses
14. Construction of Boys Hostel at Mananthavady Campus
15. Construction of Fitness Centre at Mangattuparamba Campus
16. Construction of compound wall rear to Ladies Hostel at Mangattuparamba Campus
17. Construction of Warm up Track at Mangattuparamba Campus

മഹാത്മാഗാന്ധി സർവ്വകലാശാല

1. പുതിയ പരീക്ഷ ഭവൻ രണ്ടു അധിക നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചു
2. എട്ടു നിലകളുള്ള കൺവെർജെൻസ് അക്കാദമിയ കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ചു
3. സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കെട്ടിട നിർമ്മാണം ആരംഭിച്ചു
4. ഗവേഷക വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് സ്കീം ആരംഭിച്ചു
5. ഹ്രസ്വകാല കോഴ്സുകൾ നടത്തുന്നതിനുള്ള Automated Learning System വികസിപ്പിച്ചു
6. സുസ്ഥിര വികസന ഗവേഷണ പദ്ധതികൾ നാനോസയൻസ്, എൻവയോൺമെന്റൽ സയൻസ്, ബയോസയൻസ് തുടങ്ങിയ മേഖലകളിൽ നടപ്പിലാക്കി
7. സർവകലാശാലയിലെ സ്ഥാപിച്ച കാലം മുതലുള്ള പരീക്ഷ ടാബുലേഷൻ രെജിസ്റ്ററുകൾ ഡിജിറ്റയ്സ് ചെയ്തു
8. സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ പി ജി ലാബ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു
9. ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

ഗുണമേന്മയുള്ള വിദ്യാഭ്യാസവും ഗവേഷണ സൗകര്യങ്ങളും ലക്ഷ്യംവെച്ച് ക്ലാസ് മുറികൾ ഹൈടെക്കും വർക്ഷോപ്പുകളും സെമിനാറുകളും അധ്യാപക പരിശീലനങ്ങളും സർക്കാർ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി മലയാള സർവ്വകലാശാലയും ഈ ദിശയിലുള്ള നടപടികൾ എടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ വികസനപ്രവർത്തനങ്ങൾക്കായി മലയാള സർവ്വകലാശാലയ്ക്ക് വേണ്ടി 4.1352 ഹെക്ടർ സ്ഥലം സർക്കാർ ഏറ്റെടുത്ത് കൈമാറിയിട്ടുമുണ്ട്.

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്

ന്യൂവാൽസിന്റെ അടിസ്ഥാനസൗകര്യ വികസനത്തിൽ അക്കാദമിക ഉന്നമനത്തിനുമായി പ്ലാൻ ഫണ്ട് വർഷാവർഷങ്ങളിൽ അനുവദിച്ചിട്ടുണ്ട്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

| | |
|---|---|
| 1 | ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിലെ അക്കാദമിക് ബ്ലോക്ക് നിർമ്മാണം (സിവിൽ + ഇലക്ട്രിക്കൽ പ്രവൃത്തികൾ) |

| | |
|---|---|
| 2 | കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ അക്കാദമിക് ബ്ലോക്ക് നിർമ്മാണം |
| 3 | പന്മന പ്രാദേശിക കേന്ദ്രത്തിലെ കാന്റീൻ കെട്ടിട നിർമ്മാണം(സിവിൽ + ഇലക്ട്രിക്കൽ പ്രവൃത്തികൾ) |
| 4 | രൂപകല്പന ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം (സിവിൽ + ഇലക്ട്രിക്കൽ പ്രവൃത്തികൾ) |
| 5 | ലാംഗ്വേജ് ബ്ലോക്ക് നിർമ്മാണം-സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ |
| 6 | ഓപ്പൺ എയർ ഓഡിറ്റോറിയം |
| 7 | ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം (സിവിൽ + ഇലക്ട്രിക്കൽ പ്രവൃത്തികൾ) |
| 8 | കാലടി മുഖ്യകേന്ദ്രത്തിലെ സ്റ്റേഡിയം നിർമ്മാണം |
| 9 | സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി |
| 10 | സർവ്വകലാശാല മുഖ്യകേന്ദ്രത്തിൽ 300 KVA Generator സെറ്റ് സ്ഥാപിക്കൽ |
| 11 | കാലടി മുഖ്യ കേന്ദ്രത്തിലെ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 12 | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ ലിഫ്റ്റ് നവീകരണം (സിവിൽ + ഇലക്ട്രിക്കൽ പ്രവൃത്തികൾ) |
| 13 | ഫൈൻ ആർട് സ് കോപ്പ്ലക്സ് രണ്ടാം ഘട്ട നിർമ്മാണം-സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ |
| 14 | യു.ജി ഹോസ്റ്റൽ നിർമ്മാണം-സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ |
| 15 | തിരൂർ പ്രാദേശിക കേന്ദ്രത്തിലെ ഹോസ്റ്റൽ നിർമ്മാണം-സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ |
| 16 | തിരൂർ പ്രാദേശിക കേന്ദ്രത്തിലെ റോഡ് നിർമ്മാണം |
| 17 | സർവ്വകലാശാല മുഖ്യ കേന്ദ്രത്തിലെ ഓഡിറ്റോറിയം നിർമ്മാണം |
| 18 | സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ നിർമ്മാണം |
| 19 | ക്യാമ്പസ് ഡെവലപ്മെന്റ് പദ്ധതി |
| 20 | അക്കാദമിക് ബ്ലോക്ക് 1, ലൈബ്രറി, ലാംഗ്വേജ് ബ്ലോക്ക് എന്നീ കെട്ടിടങ്ങളിൽ പുതിയ ലിഫ്റ്റുകൾ സ്ഥാപിക്കൽ |
| 21 | ഏറ്റുമാനൂർ, പന്മന പ്രാദേശിക കേന്ദ്രങ്ങളിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ |
| 22 | ലാംഗ്വേജ് ബ്ലോക്ക് , ഫൈൻ ആർട്സ് കോംപ്ലക്സ് (ഒന്നാം നില) എന്നീ കെട്ടിടങ്ങളിൽ ലാൻ നെറ്റ് വർക്ക് സ്ഥാപിക്കൽ |
| 23 | രൂപകൽപന ബിസിനസ് ഇൻക്യുബേറ്റർ കെട്ടിടത്തിൽ അധിക സൗകര്യങ്ങൾ ഒരുക്കൽ |
| 24 | ഓപ്പൺ എയർ ഓഡിറ്റോറിയം സ്റ്റേജ് വലുതാക്കൽ, ഗ്രിൽ സ്ഥാപിക്കലും മറ്റ് അനുബന്ധ പ്രവൃത്തികൾ |

സർവകലാശാലയിൽ അക്കാദമിക ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ:-

a) സംസ്കൃത സർവകലാശാലയിലെ ബിരുദാനന്തര ബിരുദ തലത്തിൽ നടപ്പ് അധ്യയന വർഷം മുതൽ ഫലാധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം (Outcome Based Education) നടപ്പിലാക്കിയിട്ടുണ്ട് . ബിരുദ തലത്തിലും ഇത് നടപ്പാക്കിയിട്ടുണ്ട്
b) NIRF, NAAC അക്രഡിറ്റേഷൻ എന്നീ ഗ്രേഡിങ്ങ് നേടുന്നതിനുള്ള പ്രവർത്തനങ്ങളും അവലംബിച്ച് അക്കാദമിക രംഗത്തും ഗവേഷണ രംഗത്തും മികവ് ഉറപ്പാക്കി സംസ്കൃത സർവകലാശാല പ്രവർത്തിക്കുന്നുണ്ട്
c) സർവകലാശാല ലൈബ്രറിയ്ക്ക് ആവശ്യമായ ജേർണലുകൾ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ആയത് വാങ്ങുവാനുള്ള ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് സർവകലാശാല പ്രവർത്തിക്കുന്നുണ്ട്
d) സംസ്ഥാനത്തെ സർവകലാശാലകൾക്ക് അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്
e) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഈ രംഗത്തെ ഏറ്റവും മികച്ച സ്ഥാപനങ്ങളായ ഉന്നതവിദ്യാഭ്യാസ കൗൺസിൽ, യു.ജി.സി മുതലായവ നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട്
f) എല്ലാ പി.എച്ച്.ഡി ഗവേഷകർക്കും ഒന്നും രണ്ടും വർഷങ്ങളിൽ 12,000,/- രൂപയും മൂന്നാം വർഷം 14,000/- രൂപയും ഫെലോഷിപ്പായും 4,000/- രൂപ കണ്ടിൻജൻസി ഗ്രാന്റായും പരമാവധി മൂന്ന് വർഷത്തേയ്ക്ക് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് സർവകലാശാല നൽകുന്നുണ്ട്
g) പ്രത്യേക ഹോസ്റ്റൽ സൗകര്യങ്ങളും, ഗവേഷകർക്കും മറ്റ വിദ്യാർത്ഥികൾക്കും വേണ്ടി ലൈബ്രറി നവീകരിക്കുന്നതിനും ഡിജിറ്റൽ പ്രസിദ്ധീകരണങ്ങൾ വാങ്ങുന്നതിനും 70,00,000,/- രൂപ സർക്കാരിൽ നിന്നും ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്
h) സംസ്കൃത സർവകലാശാല റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ഗവേഷക വിദ്യാർത്ഥികൾക്കായി ശില്പശാലയും ഒറിയന്റേഷൻ കോഴ്സും നടത്തി വരുന്നുണ്ട്
i) ഗവേഷകരും അധ്യയന വിഭാഗവും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുന്നതിനുവേണ്ടി ഒരു റിസർച്ച് പോളിസി സർവകലാശാലയിൽ രൂപീകരിച്ചിട്ടുണ്ട് .

## സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ പ്രാവർത്തികമാക്കിയ പ്രവൃത്തികളും പദ്ധതികളും

- ക്യാമ്പസ് നെറ്റ് വർക്ക് സ്ഥാപിച്ച് വിവരസാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ പഠനപ്രക്രിയയുടെ നിലവാരം ഉയർത്തി
- അക്കാദമിക് സ്റ്റാഫ് കോളേജ് സ്ഥാപിച്ച് അധ്യാപക പരിശീലനം കേന്ദ്രീകൃതമാക്കി. കലണ്ടർ തയ്യാറാക്കി പരിശീലനങ്ങൾ ആധുനികവൽക്കരിച്ചു.
- ഡിപ്ലോമ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് ഉയർന്ന യോഗ്യത കൈവരിക്കാൻ sponsored M Tech പദ്ധതിയും AICTE-QiP (പോളി) പദ്ധതിയും നടപ്പിലാക്കി.
- ഡിജിറ്റൽ പണമിടപാട് സംവിധാനം വകുപ്പ് തലത്തിൽ പൂർണമായി നടപ്പാക്കി.
- എഞ്ചിനീയറിങ് കോളേജുകളിൽ ഇൻറർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു.
- സംസ്ഥാനത്തെ സാങ്കേതിക/തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് State Board of Technical Education പുനസ്സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ വിപുലമാക്കി.
- വിദ്യാർഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ലക്ഷ്യമാക്കി HR സെല്ലുകൾ, അതിന്റെ ഭാഗമായി ക്യാംപസ് കൌൺസലിങ് സെന്ററുകൾ പ്രവർത്തിക്കുന്നു.
- ഹോസ്റ്റൽ സൌകര്യങ്ങൾ വർദ്ധിപ്പിച്ചു.
- സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു.
- സ്ഥാപനങ്ങളുടെ അടിസ്ഥാന സൌകര്യ വികസനം മാസ്റ്റർ പ്ലാൻ അനുസരിച്ച് പുരോഗമിക്കുന്നു
- മികവിൻറെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തിയായി വരുന്നു.
- ലാബുകളുടെയും വർക്ക്ഷോപ്പുകളുടെയും ആധുനികവൽക്കരണം പൂർത്തിയായി വരുന്നു.
- ലൈബ്രറികളുടെ ആധുനികവൽക്കരണം പുരോഗമിക്കുന്നു.
- ദേശീയ തലത്തിലുള്ള അക്രഡിറ്റേഷൻ വകുപ്പിന് കീഴിൽ ഉള്ള പല സ്ഥാപനങ്ങളും നേടിക്കഴിഞ്ഞു. ബാക്കിയുള്ളവ കൂടി പൂർത്തിയാക്കി 100% നേടാനും അതുവഴി അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനങ്ങൾ ആകാനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## ഉപരിപഠനത്തിനടക്കം വിദ്യാർഥികൾക്ക് നൽകിയ സഹായത്തെക്കുറിച്ചുള്ള വിവരങ്ങൾ

- സ്വയം സംരംഭകത്വത്തിനും നവീനാശയങ്ങൾക്കും വളർച്ചയ്ക്ക് അവസരം നൽകി ടെക്ക്നോളജി ബിസിനസ് ഇൻകുബേഷൻ സെൻററുകൾ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്ക്നിക്ക് കോളേജുകളിലും സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു
- ത്രിവൽസര ഡിപ്ലോമ കോഴ്സിന് lateral entry വഴി കൂടി പ്രവേശനം നടപ്പാക്കി.
- എല്ലാ സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂളുകളിലും റോബോട്ടിക്സ് ലാബുകൾ സ്ഥാപിച്ചു.
- 'പഠനത്തോടൊപ്പം വരുമാനം' എന്ന ആശയം യാഥാർത്ഥ്യമാക്കി തെരഞ്ഞെടുത്ത പോളിടെക്ക്നിക്ക് കോളേജുകളിൽ പ്രൊഡക്ഷൻ ട്രെയിനിങ് സെൻററുകൾ സ്ഥാപിച്ചു.
- വ്യാവസായിക രംഗത്തെ ഇൻറേൺഷിപ്പ് പഠനത്തിൻറെ ഭാഗമാക്കി
- ആധുനിക സാങ്കേതിക വിദ്യകളിൽ പരിശീലനം ലഭിക്കാൻ ആവശ്യമായ അടിസ്ഥാന സൌകര്യമൊരുക്കി.
- ഫൈൻ ആർട്സ് കോളേജുകളിൽ വിസിറ്റിംഗ് ഫാക്കൽറ്റി പദ്ധതിയിലൂടെ കലാരംഗത്തെ വിദഗ്ധരുമായി സംവദിക്കാനും അതുവഴി ഈ രംഗത്തെ ആധുനിക പ്രവണതകൾ മനസ്സിലാക്കാനും അവസരമൊരുക്കി.
- എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദ-ബിരുദാനന്തര ബിരുദ തലങ്ങളിലായി നൂതന സാങ്കേതിക വിദ്യകളെ അടിസ്ഥാനമാക്കി 17 പുതിയ കോഴ്സുകൾ ആരംഭിച്ചു.

## ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, പുതിയ കെട്ടിടങ്ങൾ, കോഴ്സുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ

അടിസ്ഥാന സൌകര്യ വികസനത്തിൻറെ ഭാഗമായി 45 പുതിയ മന്ദിരങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. 2016 ജൂൺ മുതൽ 2020 നവംബർ വരെ മുപ്പതിലേറെ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് സ്ഥാപനങ്ങൾക്ക് കൈമാറി. ഇതിന് പുറമെ KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും 9 സർക്കാർ പോളിടെക്ക്നിക്കുകളിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

പുതിയ കോഴ്സുകളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| Sl No | Name of Institution | Name of Course |
|---|---|---|
| | Government Engineering College | 1. M.Tech in Power Electronics & Drives |

| | | |
|---|---|---|
| 1 | Government Engineering College, Barton Hill, Thiruvananthapuram | 2. B.Tech in Computer Science & Engineering (Subject to the approval of AICTE) |
| 2 | Government Engineering College, Thrissur | 1. M.Tech in Electronics & Communication Engineering (VLSI & Embedded System)<br>2. M.Tech in Mechanical Engineering (Industrial Engineering & Management)<br>3. M.Tech in Civil Engineering (Structural Engineering)<br>4.M.Tech in Health & Safety in Environmental Management (Mechanical Engineering) |
| 3 | College of Engineering, Thiruvananthapuram | 1. M.Tech in Computer Science & Engineering (Artificial Intelligence)<br>2. M.Arch in Environmental Design<br>3. M.Tech in Robotics & Automation<br>4. B.Tech Computer Science & Engineering (Additional Batch) |
| 4 | Rajiv Gandhi Institute of Technology, Kottayam | 1. M.Tech in Mechanical Engineering (Engineering Design)<br>2. M.Tech in Electrical & Electronics Engineering (Power Systems & Renewable Energy) |
| 5 | Government Engineering College, Kannur | 1. M.Tech in Mechanical Engineering(Energy Engineering)<br>2. M.Tech in Electrical & Electronics Engineering (Power Systems) |
| 6 | Government Engineering College,Sreekrishnapuram | 1. B.Tech in Civil Engineering<br>2. M.Tech in Mechanical Engineering |
| 7 | TKM College of Engineering, Kollam | 1. B.Tech in Computer Science & Engineering (Additional Batch)<br>2. M.Tech in Civil Engineering (Transportation Engineering)<br>3. M.Tech in Artificial Intelligence |
| 8 | M.A College of Engineering, Kothamangalam | B.Tech in Computer Science & Engineering (Data Science) |

## <u>കാലിക്കറ്റ് യൂണിവേഴ്സിറ്റി</u>

സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും നിർദ്ദേശങ്ങൾക്കും, ശുപാർശകൾക്കും വിധേയമായി സർവ്വകലാശാലകളിലെ ബിരുദ ബിരുദാനന്തര കോഴ്സുകളുടെ നിലവാരം ഉയർത്തുവാൻ, പാഠ്യപദ്ധതിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇതനുസരിച്ച്, കാലിക്കറ്റ് സർവകലാശാലയിൽ ബിരുദ-ബിരുദാനന്തര തലത്തിൽ 2019 മുതൽ പുതിയ റെഗുലേഷനുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതനുസരിച്ച് സിലബസുകൾ പരിഷ്ക്കരിച്ചിട്ടുണ്ട്.

കൂടാതെ, വിജ്ഞാനവർദ്ധനവും തൊഴിൽ സാദ്ധ്യതയും ലക്ഷ്യമാക്കി കാലിക പ്രാധാന്യമുള്ള നൂതന ബി. വോക് കോഴ്സുകളും, ബി. എസ്സി. ഫോറൻസിക് സയൻസ്, ബി.എ. ക്രിമിനോളജി ആൻഡ് പോലീസ് സയൻസ് എന്നീ ബിരുദ ബിരുദാനന്തര കോഴ്സുകളും സർവ്വകലാശാല നടത്തുന്നുണ്ട്.

കൂടാതെ, SWAYAM പദ്ധതിയുടെ ഭാഗമായി മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സുകളും (MOOC)നടപ്പാക്കിയിട്ടുണ്ട്.

കൂടാതെ ഇന്റഗ്രേറ്റഡ് പിജി കോഴ്സുകൾ, ഡബിൾ മെയിൻ ബിരുദകോഴ്സുകൾ എന്നിവ തുടങ്ങുന്നതിന്റെ ഭാഗമായി റെഗുലേഷനുകളും സിലബസുകളും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ സർവകലാശാലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക ഉന്നമനത്തിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

( 1 ) **ഗോത്ര വർഗ പഠന ഗവേഷണ സ്ഥാപനത്തിന്റെ അക്കാദമിക ബ്‌ളോക്ക് നിർമാണം:** കേരളത്തിലെ പട്ടിക വർഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപുരോഗതി ലക്ഷ്യമാക്കി വയനാട്ടിലെ ചെതലയത്ത് കാലിക്കറ്റ് സർവകലാശാല നേരിട്ട് നടത്തിവരുന്ന റെസിഡെൻഷ്യൽ സ്ഥാപനമാണ് ഗോത്ര വർഗ പഠന ഗവേഷണ സ്ഥാപനം (ITSR). ഇവിടെ ബി.എ സോഷിയളോജി റെസിഡൻഷ്യൽ പ്രോഗ്രാം (BA Sociology Residential Programme), എം.എ സോഷിയളോജി റെസിഡൻഷ്യൽ പ്രോഗ്രാം (MA Sociology Residential Programme) എന്നീ കോഴ്‌സുകളാണ് നടത്തി വരുന്നത്. ഈ സ്ഥാപനത്തിന്റെ കെട്ടിടത്തിന്റെ നിർമാണം ഈ സാമ്പത്തിക വർഷം സർവകലാശാല പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് . ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

(2) **കോഴിക്കോട് അധ്യാപക വിദ്യഭ്യാസ കേന്ദ്രത്തിന്റെ നിർമാണം** : 120 ബി.എഡ് വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള സൗകര്യമുള്ള 1490 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള ഈ സ്ഥാപനത്തിന്റെ നിർമാണം 2020-21 ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് . പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തങ്ങൾ അന്തിമഘട്ടത്തിലാണ്.

(3) **തൃശ്ശൂർ ജോൺ മത്തായി സെന്ററിലെ പുരുഷ വിദ്യാർത്ഥി ഹോസ്റ്റലിന്റെ നിർമാണം** : നിലവിലുള്ള ഹോസ്റ്റൽ വളരെ പഴക്കമേറിയതും വർധിച്ച് വരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിനനുസൃതമായി പ്രവേശനം നൽകുന്നതിനു അപര്യാപ്തവുമാണ് . പ്രസ്തുത ഹോസ്റ്റലിന്റെ സ്ഥാനത്ത് പുതിയ ഹോസ്റ്റൽ നിർമിക്കാനാണ് സർവകലാശാല ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ ഹോസ്റ്റലിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മിക്കുന്നതിനാണ് സർവകലാശാല ഉദ്ദേശിക്കുന്നത്. 2020-21 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

( 4 ) **സെക്കന്റ് ഫ്ലോർ ഫോർ ഹ്യൂമാനിറ്റീസ് ഡിപ്പാർട്ടമെന്റ് ബ്‌ളോക്**: ഹിസ്റ്ററി, ഫിലോസഫി ഫോക്‌ലോർ സ്റ്റഡീസ് , വുമൺ സ്റ്റഡീസ് , പൊളിറ്റിക്കൽ സയൻസ് ഏണിവ ഒരു കുടക്കേഴിലാക്കുന്നതുമായി ബന്ധപ്പെട്ടു സമർപ്പിച്ച പദ്ധതിയാണ് . ക്ലാസ് റൂമുകൾ, ഫാക്കൽറ്റി റൂമുകൾ , ഡിപ്പാർട്മെന്റ് തലവന്മാർക്കുള്ള ക്യാബിനുകൾ, ഓഫീസിൽ റൂമുകൾ ലൈബ്രറി, ലേഡീസ് റൂമുകൾ, ടോയ്‌ലറ്റ് സൗകര്യങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഈ കെട്ടിടത്തിൽ ഉണ്ട് . 2019- 2020 സാമ്പത്തിക വർഷം ഗവണ്മെന്റ് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, സർവകലാശാല 93.83 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയും ചെയ്തു.

(5) **ഗോൾഡൻ ജൂബിലി അക്കാദമിക് ഇവാലുവേഷൻ ബ്ലോക്കിന്റെ നിർമാണം** : സർവകലാശാലയിലെ പരീക്ഷ ഭവൻ 1986-ൽ സ്ഥാപിതമായതാണ്. എന്നാൽ കോളേജുകളുടെ എണ്ണം, കോഴ്‌സുകളുടെ എണ്ണം, സർവകലാശാല നടത്തുന്ന പരീക്ഷകളുടെ എണ്ണം എന്നിവ വളരെയധികം വർധിച്ചതിനാൽ നിലവിലെ പരീക്ഷാ ഭവനിൽ സ്ഥലപരിമിതി മൂലം വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. നിലവിൽ വിവിധ ആവശ്യങ്ങൾക്ക് പരീക്ഷാ ഭവൻ സന്ദർശിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യത്തിന് വൈറ്റിംഗ് റൂമോ, മറ്റു സൗകര്യങ്ങളോ ഇല്ല. ആയതിനാൽ പുതിയ മൂന്ന് നില ഗോൾഡൻ ജൂബിലി അക്കാദമിക് ഇവാലുവേഷൻ ബ്ലോക്കിന്റെ നിർമാണം ഇതിനു ഒരു പരിഹാരമാകുമെന്ന് കരുതുന്നു. പ്രസ്തുത കെട്ടിടത്തിൽ ഫ്രണ്ട് ഓഫീസ്, വിദ്യാർത്ഥികൾക്ക് വൈറ്റിംഗ് റൂം, പരീക്ഷാ ഉത്തരക്കടലാസുകൾ മൂല്യനിർണയത്തിനുള്ള ഹാൾ, ഫാക്കൽറ്റി റൂം, ബാത്ത് റൂം, സ്റ്റോറേജ് റൂം, സ്ട്രോങ് റൂം മുതലായവ ഇതിലുൾപ്പെടുന്നു. പ്രസ്തുത പദ്ധതിക്ക് സർക്കാരിൽ നിന്ന് 2019-2020 സാമ്പത്തിക വർഷം ഭരണാനുമതി ലഭിക്കുകയും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

( 6 ) **ഓഗ്മെന്റഷൻ ഓഫ് വാട്ടർ സപ്ലൈ** : കാലിക്കറ്റ് സർവകലാശാല ഇപ്പോൾ 10 കിലോമീറ്റർ

അകലെയുള്ള വളരെയധികം ശോഷിച്ചു കൊണ്ടിരിക്കുന്ന പാറക്കടവ് പുഴയിൽ നിന്നാണ് വെള്ളം സംഭരിച്ചുകൊണ്ടിരിക്കുന്നത്. സർവകലാശാലാ ക്യാമ്പസിൽ നിന്ന് തന്നെ മേൽക്കൂര ജലസംഭരണം, മഴവെള്ള സംഭരണം, ഇപ്പോഴുള്ള കുളങ്ങളും കിണറുകളും വിപുലീകരിക്കുക 0തുടങ്ങിയവയിലൂടെ ജല ലഭ്യത വർദ്ധിപ്പിക്കുന്നതിനാണ് സർവകലാശാല ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 45,29,519 രൂപ 2018 - 2019 വർഷം അനുവദിച്ചതിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. സർക്കാർ 2019-20 വാർഷിക പദ്ധതിയിൽ 50 ലക്ഷം രൂപ വകയിരുത്തിയതിൽ 13.07 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2020-21 സാമ്പത്തിക വർഷം പദ്ധതിക്കായി 50 ലക്ഷം രൂപയുടെ ഭരണാനനുമതി ലഭിച്ചിട്ടുണ്ട്.

( 7 ) **ഡവലപ്മെന്റ് ഓഫ് ഡിപ്പാർട്ട്മെന്റ്സ് അസ് സെന്റേഴ്സ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ്** : കാലിക്കറ്റ് സർവകലാശാലയുടെ പഠനവകുപ്പുകളെ ഘട്ടം ഘട്ടമായി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യം വെച്ചുള്ള പദ്ധതിയാണ് ഡവലപ്മെന്റ് ഓഫ് ഡിപ്പാർട്ട്മെന്റ്സ് അസ് സെന്റേഴ്സ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ് . 2017 - 2018 സാമ്പത്തിക വർഷം മുതൽ സർവകലാശാലയുടെ പഠനവകുപ്പുകളെ അവയുടെ പഠന നിലവാരം, ഗവേഷണ രംഗത്തുള്ള പുരോഗതി, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ വിലയിരുത്തിയതിനു ശേഷമാണ് ഇതിനായി തിരഞ്ഞെടുത്തിട്ടുള്ളത് . പ്രസ്തുത പദ്ധതിക്കായി 2017-18 വാർഷിക പദ്ധതിയിൽ 2.77 കോടി രൂപയും 2018-19 വാർഷിക പദ്ധതിയിൽ 20 ലക്ഷം രൂപയും 2019-20 വാർഷിക പദ്ധതിയിൽ 73.96 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2020-21 വാർഷിക പദ്ധതിയിൽ 1.2 രൂപ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

( 8 ) **യൂണിവേഴ്സിറ്റി ലൈബ്രറിയുടെ വികസനം** : കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഡിപ്പാർട്ട്മെന്റുകളുടെ വികസനത്തിനായും വിദ്യാർത്ഥികളുടെയും ഗവേഷകരുടെയും പഠന ആവശ്യം നിറവേറ്റുവാനായും യൂണിവേഴ്സിറ്റി വർഷം തോറും ഒരു നിശ്ചിത തുക ലൈബ്രറിയുടെ വികസനത്തിനായും പുതിയ പുസ്തകങ്ങൾ വാങ്ങുവാനായും ഇ ജേർണലുകൾക്കായുള്ള വരിസംഖ്യയായും ചിലവാക്കുന്നുണ്ട് . പ്രസ്തുത പദ്ധതിയിലേക്കായി 2020-21 സാമ്പത്തിക വർഷം 100 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(9) **സെമിനാർസ് ആൻഡ് വർക്ക്ഷോപ്** : യൂണിവേഴ്സിറ്റികൾക്ക് യു.ജി.സി യിൽ നിന്നും സെമിനാറുകളും വർക്ക് ഷോപ്പുകളും നടത്തുന്നതിനായി ഗ്രാന്റ് ലഭിക്കുന്നത് കുറഞ്ഞതോടെ യൂണിവേഴ്സിറ്റിയുടെ ഡിപ്പാർട്ട്മെന്റുകളുടെ ഉന്നമനത്തിനായി നടക്കേണ്ടിയിരിക്കുന്ന സെമിനാറുകൾക്കും വർക്ക്ഷോപ്പുകൾക്കും ഫണ്ട് നീക്കി വക്കുന്നത് വാർഷിക ഗ്രാന്റിൽ നിന്നുമാണ് . 2017-18 വർഷം 37,70,954 /- രൂപ ഈ പദ്ധതിയുടെ നിർവ്വഹണത്തിനായ് ചെലവഴിച്ചു 2018 - 2019 വർഷം 75 ലക്ഷം രൂപ അനുവദിച്ചതിൽ 68.79 ലക്ഷം രൂപ ചെലവഴിച്ചു, സർക്കാർ 2019-20 വാർഷിക പദ്ധതിയിൽ 100 ലക്ഷം രൂപ അനുവദിച്ചതിൽ 36.27 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, സർക്കാർ 2020 -21 വാർഷിക പദ്ധതിയിൽ 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(10) **സെൻട്രലൈസ്ഡ് ഇൻസ്ട്രുമെൻഡേഷൻ ഫെസിലിറ്റി** : സയൻസ് വിഷയങ്ങളിൽ ഉപരിപഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗവേഷകർക്കും പൊതുവായരീതിയിൽ ഉപകരിക്കപ്പെടുന്ന ഒരു ലബോറട്ടറി സ്ഥാപിക്കുകയാണ് ഈ പ്രൊജക്റ്റ് ഉദ്ദേശിക്കുന്നത്. ഈ മേഖലയിൽ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാൻ കഴിയുന്ന ഉപകരണങ്ങൾ വാങ്ങിക്കാൻ സ്റ്റേറ്റ് പ്ലാൻ ഗ്രാന്റിൽ നിന്നും നിശ്ചിത തുക ഓരോ വർഷവും മാറ്റിവെക്കുന്നു. 2016-17 വർഷം 2,00,00,000/- രൂപയും 2017-18 വർഷം 99,99,000 /- രൂപയും 2018 - 2019 വർഷം 202 ലക്ഷം രൂപ ചെലവഴിച്ചു . 2020-21 60 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്

കാലിക്കറ്റ് സർവകലാശാലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, അക്കാദമിക ഉന്നമനത്തിനുമായി സർക്കാർ 2020-21 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 22 കോടി രൂപ വകയിരുത്തുകയും ഉത്തരവ് നമ്പർ GO (Rt) 786/2020/HEDN dated 15.06.2020. പ്രകാരം പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വെളിച്ചത്തിൽ G.O.(Rt)No.1140/2020/HEDN dated 14.09.2020 പ്രകാരം പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനായി 5 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കിഫ്ബി പദ്ധതിയിലൂടെ 161.89 കോടി രൂപ അനുവദിച്ചുകൊണ്ട് 20.02.2020 തിയ്യതിയിലെ GO (Rt) 304 /2020/HEDN പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഓരോ അധ്യയന വർഷത്തിലും സർവകലാശാലക്ക് കീഴിൽ പുതിയ കോളേജുകളും നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകളും സീറ്റ് വർധനവും പരിശോധന നടത്തിയ ശേഷം അനുവദിച്ചിട്ടുണ്ട് .ഈ അധ്യയന വർഷത്തിൽ കൂടുതൽ പ്രോഗ്രാമുകൾക്കു അഫിലിയേഷൻ നൽകുകയും കോവിഡ്-19 പശ്ചാ ത്തലം കൂടി കണക്കിലെടുത്തു താരതമ്യേന കൂടുതൽ സീറ്റുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് തൃക്കാക്കര കാമ്പസിലെ പുതിയ ബോയ്സ് ഹോസ്റ്റൽ നിർമ്മാണം, അളകനന്ദ ലേഡീസ് ഹോസ്റ്റലിന്റെ രണ്ടാംഘട്ട നിർമ്മാണവും വിപുലീകരണവും, തൃക്കാക്കര കാമ്പസിലെ എല്ലാ ലേഡിസ് ആന്റ് ബോയ്സ് ഹോസ്റ്റലുകളിലും, ഭിന്നശേഷി സൗഹൃദ ശൗചാലയങ്ങളുടെയും നിർമ്മാണം, ഷട്ടിൽ ബാഡ്മിന്റൺ കോർട്ട് എന്നിവയുടെ നിർമ്മാണം, റൂസ 1.0 ഫണ്ട് ഉപയോഗിച്ച് പൂർത്തികരിച്ചിട്ടുണ്ട്. കൂടാതെ റൂസ 1.0-ന് കീഴിൽ **6,02,76,054/-** രൂപയുടെ ലബോറട്ടറി ഉപകരണങ്ങളും സർവ്വകലാശാലയുടെ വിവിധ വകുപ്പുകളിലേക്ക് സർവ്വകലാശാല വാങ്ങിയിട്ടുണ്ട്.

242 കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് സർവ്വകലാശാലയുടെ മെയിൻ കാമ്പസിലേയും മറൈൻ സയൻസ് കാമ്പസിലേയും അക്കാദമിക് ബിൽഡിംഗ്, എഞ്ചിനീയറിംഗ് വിഭാഗത്തിനുള്ള കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇന്റർ നാഷണൽ ഗസ്റ്റ് ഹൗസ്, സ്വിമ്മിംഗ് പൂൾ, സോളാർ പവർ പ്ലാന്റ് എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തിലൂടെ സർവ്വകലാശാലയുടെ വിവിധ ഡിപ്പാർട്ടുമെന്റുകളിലേക്കുള്ള ലാബ് ഉപകരണങ്ങൾ വാങ്ങുവാനുള്ള നടപടി ക്രമങ്ങളും ആരംഭിച്ചിട്ടുണ്ട്.

## അനുബന്ധം II

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും സർവകലാശാലകളിലും നിയമനങ്ങൾ നടത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു

### ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

സർവ്വകലാശാലയിലെ നിലവിലുള്ള അദ്ധ്യാപക തസ്തികകളിലെ ഒഴിവുകളിലേക്ക് വിജ്ഞാപനം നടത്തുകയും നിയമന നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

### കണ്ണൂർ സർവ്വകലാശാല

16.02.2018 ലെ G.O(Ms) No. 50/2018/H.Edn നമ്പർ ഉത്തരവ് പ്രകാരം 100 അനദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിനും, യു.ജി.സി യുടെ നിർദ്ദേശ പ്രകാരം സർവ്വകലാശാലയിൽ സൃഷ്ടിച്ച 11 തസ്തികകൾക്ക് 02.08.2009 ലെ 82/168/2018/H.Edn നമ്പർ കത്ത് പ്രകാരം അംഗീകാരം നൽകുന്നതിനുമുള്ള നടപടികൾ ഈ സർക്കാർ സ്വീകരിക്കുകയുണ്ടായി. 06.11.2020 ലെ സ.ഉ(അച്ചടി) നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ സർവ്വകലാശാലകളിലെ 16 തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ നിർണയിച്ചുകൊണ്ടും ഈ സർക്കാർ ഉത്തരവായിട്ടുണ്ട്.

### കൊച്ചിശാസ്ത്ര സാങ്കേതിക സർവ്വകലാശാല

സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ ഒഴികെയുള്ള അനധ്യാപക തസ്തികകളിലെ നേരിട്ടുള്ള നിയമനങ്ങളെല്ലാം പി.എസ്.സി ക്ക് വിട്ടിട്ടുണ്ട്. പി.എസ്.സി യിൽ നിന്നും ലഭിക്കുന്ന ഉത്തരവുകൾക്കനുസൃതമായി നിയമനങ്ങൾ നടത്തി വരുന്നു. സർവ്വകലാശാലയിലെ അധ്യാപക തസ്തികകളിലുമുള്ള ഒഴിവുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിലേക്കുള്ള നിയമന നടപടികൾ നടത്തിവരുന്നു.

### തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

മലയാള സർവ്വകലാശാലയിൽ പുതുതായി പന്ത്രണ്ട് അധ്യാപക നിയമനങ്ങൾ (അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, പ്രൊഫസർ) നടത്തുന്നതിന് വിജ്ഞാപനം പുറത്തിറക്കി.

### മഹാത്മാഗാന്ധി സർവ്വകലാശാല

31.07.2017, 16.12.2017, 28.04.2018 എന്നീ തീയതികളിലെ വിജ്ഞാപനങ്ങൾ പ്രകാരം 5 പ്രൊഫസർമാർ, 6 അസോസ്സിയേറ്റ് പ്രൊഫസർമാർ, 18 അസിസ്റ്റൻറ് പ്രൊഫസർമാർ എന്നിങ്ങനെ നിയമനം നടത്തുകയുണ്ടായി. തുടർന്ന് വിവിധ സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെൻറുകളിൽ നിലവിൽ വന്ന 24 അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് 2020 നവംബറിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻറെ അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 15.01.2021 -ഉം, ഹാർഡ് കോപ്പി സർവകലാശാലയിൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 25.01.2021 -ഉം ആണ്. ടി നിയമനങ്ങൾ താമസംവിനാ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Engineering Colleges | | |
|---|---|---|
| Sl. No. | Name of Post | Number of Posts |
| 1 | Professor | 12 |
| 2 | Associate Professor | 25 |
| 3 | Assistant Professor | 60 |
| | Total | 97 |
| Polytechnic Colleges | | |
| Sl No | Name of Post | Number of Posts |
| 1 | HOD in Polytechnic | 10 |
| 2 | Lecturer | 206 |
| 3 | Demonstrator | 3 |
| 4 | Trade Instructor | 2 |
| 5 | Tradesman | 2 |
| 6 | Senior Superintendent | 2 |
| 7 | Clerk | 8 |
| | Total | 233 |